## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2220** **08.12.2015 ൽ മറുപടിയ്ക്ക്**

### സോളാർ ഊർജ്ജ ഉല്പാദന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>,, കെ.അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സോളാർ ഊർജ്ജ ഉല്പാദന പദ്ധതി കൾക്കായി ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾക്കാണ് ടെൻഡർ ക്ഷണിച്ചതെന്ന് വ്യക്തമാക്കമോ ; | (എ) ഉണ്ട്. ഇതുവരെയായി 36 ഇ-ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് എത്ര ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കി യിട്ടുള്ളത് ; | (ബി) സൗരോർജ്ജത്തിൽ നിന്ന് ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നല്ല രീതിയിൽ സൂര്യപ്രകാശം ലഭിക്കുന്ന 4.5 മുതൽ 5 ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് |
| (സി) ഒരു മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കമോ? | (സി) (1) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിലായും വശത്തുമായി സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് ഫണ്ട് നൽകിവരുന്നു ( സെന്റർ ഫിനാൻസ് അസിസ്റ്റന്റ്സ് CFA). ഇതിൽ, കനാലിന് മുകളിലായി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു മെഗാവാട്ട് നിലയത്തിന് 3 കോടി രൂപയോ പ്രോജക്ട് തുകയുടെ 30%-മോ ഏതാണ് കുറവ്, ആ തുകയായിരിക്കും CFA ആയി ലഭിക്കുന്നത്. കനാലിന്റെ വശത്തായി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു മെഗാവാട്ട് പ്ലാന്റിന് 1.5 കോടി രൂപയോ പ്രോജക്ട് തുകയുടെ 30%-മോ ഏതാണ് കുറവ് ആ തുകയാണ് CFA ആയി ലഭിക്കുന്നത്<br>ഇതനുസരിച്ച് ബാരാപോൾ കനാലിനു മുകളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് 1.20 ലക്ഷം രൂപയും കനാലിന്റെ വശത്തായി സൗരോർജ്ജ |

നിലയം സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും CFA ലഭിട്ടിച്ചിണ്ട്. സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിച്ച ധനസഹായം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | കഞ്ചിക്കോട്ട് (IMW) സൗരോർജ്ജ നിലയം | 4 കോടി രൂപ |
| 2. | അഗളി (96KW) ട്രൈബൽ കോളനികളുടെ മുകളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയം | 1.1കോടി രൂപ |
| 3. | പൊരിങ്ങൽകുത്ത് പവർ ഹൗസിന് മുകളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയം | 60 ലക്ഷം രൂപ |
| 4. | പടിഞ്ഞാറേത്തറ ഡാമിന്റെ നടപ്പാതയുടെ മുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയം | 3.425 കോടി രൂപ |
| 5. | ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (ബാണാസുരസാഗർ റിസർവോയറിൽ) | 7 കോടി രൂപ |
| 6. | പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ ടെയിൽ റെയ്സിൽ സ്ക്രൂ ടർബൈൻ സ്ഥാപിക്കുന്നതിന് | 30 ലക്ഷം രൂപ |

**സെക്ഷൻ ഓഫീസർ**